# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 48

28.11.2018 ൽ മറുപടിക്ക്

## ഓൺലൈൻ തട്ടിപ്പ്

**ചോദ്യം**

ശ്രീ.റ്റി.വി.രാജേഷ്

ഓൺലൈൻ വഴിയുള്ള തട്ടിപ്പുകേസുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇവ നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

**ഉത്തരം**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

ഓൺലൈൻ തട്ടിപ്പ് സംബന്ധിച്ച പരാതികളിന്മേൽ രജിസ്റ്റർ ചെയ്യുന്ന കേസ്സുകളിൽ കാര്യക്ഷമമായ അന്വേഷണം നടത്തി പ്രതികളെ അറസ്റ്റ് ചെയ്ത് നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട തെളിവുകൾ കണ്ടെത്തുന്നതിനും, വിശകലനം ചെയ്യുന്നതിനും വൈദഗ്ധ്യമുള്ള പോലീസ് ഉദ്യോഗസ്ഥരാണ് സൈബർ പോലീസ് സ്റ്റേഷനിൽ പ്രവൃത്തിയെടുത്ത് വരുന്നത്. സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിന് ജില്ലാ സൈബർ സെല്ലുകളുടേയും, സൈബർ ഡോമിന്റെയും വൈദഗ്ധ്യവും ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ഓൺലൈൻ വഴിയുള്ള തട്ടിപ്പുകൾ തടയുന്നതിനായി ഉപഭോക്താക്കൾക്ക് ബോധവൽക്കരണം നൽകുന്നതിനുള്ള നിർദ്ദേശം സൈബർ പോലീസ് സ്റ്റേഷനിൽ നിന്നും ബാങ്ക് അധികാരികൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഇത്തരത്തിലുള്ള തട്ടിപ്പ് സംബന്ധിച്ച് പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകുന്നതിലേയ്ക്കായി പത്ര-ദൃശ്യ മാധ്യമങ്ങൾ വഴി അറിയിപ്പുകൾ നൽകുകയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവിടങ്ങളിൽ അവരുടെ ആവശ്യപ്രകാരം ബോധവൽക്കരണ ക്ലാസുകൾ എടുത്തുവരികയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ